# നസ്രാണികളുടെ പേരുകൾ: ഒരന്വേഷണം

**പി. തോമസ്, പിറവം**

സംബോധനയ്ക്കും വ്യക്തിത്വം തിരിച്ചറിയുന്നതിനുമുള്ളതാണ് പേരുകൾ. അത് ആളത്തത്തിന്റെ തനിമ വെളിപ്പെടുത്തുന്നു. വ്യക്തികളുടെ നാമകരണം അഥവാ പേരിടലിന് ദേശീയവും സാംസ്കാരികവും മതപരവുമായ പ്രാധാന്യവും പ്രത്യേകതയുമുണ്ട്. ദേവി ദേവന്മാരുടെ പേരിടുന്ന രീതിയാണ് എല്ലാ ജനപദങ്ങളിലുംതന്നെ പ്രചീനമായിട്ടുണ്ടായിരുന്നത്. വ്യക്തിത്വം, സ്വഭാവം, പ്രകൃതം തുടങ്ങിയവയും പേരുകൾ വെളിപ്പെടുത്തും. ഗ്രഹങ്ങൾ, നദികൾ, പ്രകൃതിശക്തികൾ, പ്രത്യേകതയുള്ള ജന്തുക്കൾ, ചെടികൾ, മരങ്ങൾ, പുഷ്പങ്ങൾ, സ്വഭാവഗുണങ്ങൾ തുടങ്ങിയവയുടെ പേരുകളും വ്യക്തികൾക്ക് നൽകി.

യഹൂദന്മാർക്കിടയിൽ ദൈവനാമങ്ങൾ (ഏൽ, യാഹ്) കൂട്ടിച്ചേർത്ത സംയുക്തനാമങ്ങൾ (Theophonic names) വ്യക്തികൾക്കുണ്ടായിരുന്നു (ഉദാ. അദോനിയാവ്, ഊരിയാവ്). ദൈവസംജ്ഞയില്ലാത്ത സംയുക്തനാമങ്ങളുമുണ്ട് (ഉദാ. ഏലോൻ മോരെ, എൻ ഗെദി). മരങ്ങൾ, ചെടികൾ, മൃഗങ്ങൾ, പക്ഷികൾ, സ്വഭാവഗുണങ്ങൾ, പ്രകൃതിശക്തികൾ മുതലായവ ഉപയോഗിക്കുന്ന കേവലനാമങ്ങളും ഉണ്ടായിരുന്നു (ഉദാ. താമാർ, സൂസന്ന, ലായീശ്, ബാരാക്, ഗേഷെം, നൊവൊമി, ആശേർ). ജനനസന്ദർഭങ്ങൾ, സംഭവസൂചനകൾ മുതലായവയും പേരുകൾക്കാധാരമായുണ്ട്. പ്രതീകാത്മകമായി വിളിച്ച നാമങ്ങളും കാണാം (ഉദാ. മാറാ).

മുതിർന്നതിനു ശേഷം പേരു മാറിയ ഉദാഹരണങ്ങളുമുണ്ട്. (ഉദാ. അബ്രഹാം, സാറായി, യാക്കോബ്. ഉത്പ.. 17:5,15, 32:28, 35:10) യൗസേപ്പിനു പൊത്തിഫേറും (ഉത്പ. 41:45) യെഹൂദയുവാക്കൾക്ക് ഷണ്ഡാധിപനും (ദാനി. 1:6, 7) പേരുകൾ മാറി വിളിച്ചു. ഗിദെയോന് അപ്പൻ യെരുബാൽ എന്ന് പേരിട്ടു (ന്യായാ. 6:32). ശെമവൂന് പത്രോസ് എന്ന പേര് യേശു നല്കി (ലൂക്കോ. 6:14).

ജനനത്തിനു മുമ്പേതന്നെ പേരു വിളിച്ചതിന് ഉദാഹരണമാണ് യേശുവിന്റേത്. (മത്താ. 1:21, 23; ലൂക്കോ. 1:31) യോഹന്നാൻ സ്നാപകനും ജനനത്തിനു മുമ്പേ നാമകരണം നടന്നു (ലൂക്കോ. 1:13).

യഹൂദരുടെ ഇടയിൽ പേർഷ്യൻ ഭരണകാലം മുതൽ എബ്രായനാമത്തോടൊപ്പം ബാബിലോണിയ, ഗ്രീക്ക് തുടങ്ങിയ വിദേശഭാഷാനാമങ്ങളും നൽകുന്ന പതിവുണ്ടായി (ഉദാ. ഹദസ – എസ്തേർ). യേശുവിന്റെ കാലത്ത് പലർക്കും ഗ്രീക്കുപേരുകൾ മാത്രവും, എബ്രായപേരിനൊപ്പം ഗ്രീക്കുപേരും ഉപയോഗത്തിലുണ്ടായിരുന്നു.

യേശുവിന്റെ ജനനകാലത്ത് യഹൂദന്മാരുടെ ഇടയിൽ പിതാവിന്റെ പേരു തന്നെ മക്കൾക്കു നൽകുന്ന രീതി നിലവിലിരുന്നു. ബന്ധുക്കളുടെ പേരിടുന്നതും പതിവായിരുന്നു. ഇത് യോഹന്നാൻ സ്നാപകന്റെ നാമകരണ വിവരണത്തിൽ നിന്ന് മനസ്സിലാക്കാം (ലൂക്കോസ് 1:57–66). പിതാമഹന്റെ പേര് കുട്ടികൾക്കു നൽകുന്ന പേർഷ്യൻരീതി (പാപ്പോനിമി) യഹൂദന്മാരിൽ ഉണ്ടായിരുന്നെന്ന് തോന്നുന്നു; ഈ രീതി എന്നാണ് യിസ്രായേലിൽ സ്വീകരിക്കപ്പെട്ടതെന്നുള്ളത് അറിവില്ലെന്ന് വേദശബ്ദരത്നാകരം സൂചിപ്പിക്കുന്നു.

ആദ്യത്തെ ആൺകുഞ്ഞിന് പിതാമഹന്റെ പേരിടുകയായിരുന്നു കേരളനസ്രാണികളുടെ പതിവ്. പെൺകുഞ്ഞാണെങ്കിൽ പിതാമഹിയുടെ പേരിടും. മാമോദീസായിൽ തല തൊടുന്നതിനുള്ള അവകാശവും (തലതൊട്ടപ്പൻ – God father / God mother) അവരുടേതാണ്. (പേരക്കിടാവ്, പേരക്കുട്ടി, പേരൻ = പൗത്രൻ എന്ന പ്രയോഗത്തിൽ പേരിടുന്ന കുഞ്ഞ് എന്ന സൂചന ഒളിഞ്ഞിരിക്കുന്നുണ്ടോ? പേരപ്പൻ (പെരിയ + അപ്പൻ, വലിയപ്പൻ: പിതാവിന്റെയോ മാതാവിന്റെയോ പിതാവ്) പേരമ്മ (പെരിയ + അമ്മ: പിതാവിന്റെയോ മാതാവിന്റെയോ അമ്മ) എന്നീ പദങ്ങളിലും പേരിടുന്ന രീതിയുടെ സൂചനയുണ്ടോ?) രണ്ടാമത്തെ കുഞ്ഞിന്റെ പേരിടുന്നത് മാതാവിന്റെ മാതാപിതാക്കളുടെ അവകാശമായിരുന്നു; ആ കുഞ്ഞിന്റെ തലതൊടുന്നതും മാതൃവഴിക്കുതന്നെ. അവകാശികളാലാരെങ്കിലും മരിച്ചുപോയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട അവകാശിയുടെ തൊട്ടടുത്ത അവകാശിയാണ് കടമ നിർവ്വഹിക്കേണ്ടത്. തുടർന്നുണ്ടാകുന്ന കുഞ്ഞുങ്ങളുടെ തല തൊടുന്നതിനുള്ള അവകാശമുറ യഥാക്രമം പിതൃവഴിക്കും മാതൃവഴിക്കും ഉള്ള സഹോദരന്മാർ സഹോദരികൾ എന്നിങ്ങനെ ബന്ധമുറപ്രകാരം പോകും. പ്രത്യേക സാഹചര്യങ്ങളിലേ ഈ അവകാശമുറയ്ക്ക് മാറ്റം വരുത്താറുള്ളൂ. (ഒരു കുട്ടിക്കു തന്നെ തലതൊട്ടപ്പനും തലതൊട്ടമ്മയും വേണമെന്ന നിബന്ധന റോമൻസമ്പ്രദായത്തിൽ ഉരുത്തിരിഞ്ഞതാണ്.)

ജനിച്ചിട്ട് 12–ാം ദിനം കുട്ടിക്ക് പേരിടൽ അഥവാ നാമകരണം എന്ന ചടങ്ങ് നമ്പൂതിരിമാർ ആചരിക്കുന്ന 16 ഷോഡശസംസ്കാരങ്ങളിൽ പെടും. നമ്പൂതിരിമാർ പുരുഷസന്താനങ്ങളിൽ ആദ്യത്തേതിന് അച്ഛന്റെ അച്ഛന്റെയും രണ്ടാമത്തേതിന് അമ്മയുടെ അച്ഛന്റെയും പേരു വിളിക്കും. മൂന്നാമത്തേതിന് അച്ഛന്റെ പേരുതന്നെ വിളിക്കും. പിന്നിടുള്ളവർക്ക് യഥേഷ്ടമാണ് പേരു വിളിക്കുക. അതുപോലെ സ്ത്രീസന്താനങ്ങൾക്ക് യഥാക്രമം പിതാമഹി, മാതാമഹി, മാതാവ് എന്നിവരുടെ പേരും പിന്നെയുള്ളവർക്ക് യഥേഷ്ടവും പേരു വിളിക്കും. (നസ്രാണികൾ പേർഷ്യൻസമ്പ്രദായമോ നമ്പൂതിരി സമ്പ്രദായമോ ഏതു പിന്തുടർന്നു എന്നതിനു തീർച്ചയില്ല.) കേരളത്തിലെ ഇതര ജാതികൾക്കിടയിലും പേരിടുന്നതിൽ മുൻപറഞ്ഞ രീതിയാണ് പൊതുവേയുള്ളത്.

നമ്പൂതിരിമാർ നടത്തുന്ന നാമകരണം എന്ന ചടങ്ങുപോലെ നസ്രാണികളും നടത്തിയിരുന്നതായി ജസ്യൂട്ട് രേഖകളിൽ ഉള്ളതായി ഫെറോളി രേഖപ്പെടുത്തിയിട്ടുണ്ട്. നസ്രാണികൾക്കിടയിൽ ജാതകർമ്മത്തോടൊപ്പം (ജനനസമയത്ത് സ്വർണവും തേനും വയമ്പും അരച്ച് നവജാതശിശുവിന്റെ നാവിൽ തൊട്ടുകൊടുക്കുന്ന ചടങ്ങ്) നവജാതശിശുവിന്റെ ചെവിയിൽ മോറാൻ ഈശോമ്ശീഹാ എന്നും തുടർന്ന് കുട്ടിയുടെ പേരും വിളിക്കുമെന്നാണ് ഫെറോളി പറയുന്നത്. (ഡോ. എം. കുര്യൻ തോമസ്, ആശാന്മാരെ കുമ്പിടുന്നതും ചൗളാദി സംസ്കാരങ്ങളും:

ജോർജിയൻ മിറർ, ഓഗസ്റ്റ് 2013.)

ആദികാലങ്ങളിൽ കേരളത്തിലെ നസ്രാണികളുടെ (സുറിയാനിക്രിസ്ത്യാനികളുടെ) പേരുകൾ അധികവും ബൈബിളിൽ നിന്ന് എടുത്തിട്ടുള്ളവയായിരുന്നു. എന്നാൽ വളരെയധികം പേരുകൾ ഉപയോഗിച്ചതായി തോന്നുന്നില്ല. ഉത്തമവ്യക്തികളുടെ നാമങ്ങളേ നൽകിയിരുന്നുള്ളൂ. എന്നാൽ ആദം, ഹവ്വ, നോഹ, അഹറോൻ ഇങ്ങനയുള്ള പേരുകൾ ഉപയോഗിച്ചതായി കാണുന്നില്ല. (അതുകൊണ്ട് ഒരു കുടുംബത്തിൽതന്നെ ഒരേ പേരുകൾ പലർക്കും ഉണ്ടായിരുന്നു. അവരെ തിരിച്ചറിയാൻ കുഞ്ഞ്, കുട്ടി, അപ്പൻ, അമ്മ തുടങ്ങിയ ഓമനപ്പേരുകൾ വിളിപ്പേരാക്കുകയോ പേരിനോട് കൂട്ടിച്ചേർക്കുകയോ ചെയ്തിരുന്നു.) ഇന്നും മാമോദീസായിൽ വിളിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന പേരുകൾ മിക്കവാറും വേദപുസ്തകവുമായും ആദിമസഭാപിതാക്കന്മാരുമായും ബന്ധപ്പെട്ടവയാണ്. അവയുടെ മൂലരൂപം വേദപുസ്തകത്തിലും ആദിമക്രൈസ്തവരുടെ ഇടയിലെ പുണ്യവാന്മാരിലും കാണുന്നവയാണ്. എന്നാൽ ദേശീയമായ ഭാഷാരീതിയിലേക്ക് അവയ്ക്ക് രൂപപരിണാമം വരുത്തിയാണ് ഉപയോഗിച്ചിരുന്നത്. കേരളത്തിലെ നാട്ടുഭാഷയുടെ തനിമയ്ക്ക് ചേരുന്ന രൂപത്തിലേക്ക് ലിപ്യന്തരണം വരുത്തി ഉപയോഗിക്കുകയാണുണ്ടായത്. അബ്രാഹം അവുറാഹമായും അവറാൻ ആയും മാറിയിരുന്നു. ഹന്നയെ അന്നയായും ഇസഹാക്കിനെ ഇത്താക്കായും മാറ്റി. ഏൽഹാനൻ ഉലഹന്നാനും ഓനനും ആയി. ഗീവർഗീസ് വറുഗീസായും വറുതായും വാറുവായും പരിണമിച്ചു. ഹോർമീസ് ഉറുമീസ് ആയി. സേവ്യർ ശൗര്യാരും അലക്സീസ് അല്ലേശുമായി. ഒരേ പേരുകൾക്കുതന്നെ ഭാഷയുടെ പ്രദേശികമായ സംസാരഭേദങ്ങൾക്കനുസരിച്ചും (dialects) വ്യത്യാസങ്ങളുണ്ടായി. വാമൊഴി വരമൊഴികൾ തമ്മിലുള്ള ഭേദവും ഉച്ചാരണങ്ങളിൽ ഇടം പിടിച്ചു. (ഉദാ. ചാക്കോ, ചാക്കു, ചാക്കുണ്ണി, കാക്കു, കാക്കുണ്ണി; ഇട്ടി, ഇട്ടീര, ഇട്ടൂപ്പ്, ഇട്ട്യേപ്പ്, ഇട്ട്യേര, ഉട്ടൂപ്പ്; വറുഗീസ്, വറീത്, വറുത്, വാറു, വർക്കി; റപ്പേൽ, റപ്പായി, ഏറപ്പായി.)

പേരിനോട് അപ്പൻ, അമ്മ എന്നൊക്കെ ചേർക്കുമായിരുന്നു. (പാത്തപ്പൻ, വാറപ്പൻ, അക്കമ്മ, താണ്ടമ്മ) ചിലപ്പോൾ പേരുകളോട് അച്ചൻ, അച്ചി എന്നിവയും. (ഉദാ. പുന്നച്ചൻ, അവറാച്ചൻ, ഇട്ടിച്ചൻ, മറിയാച്ചി, അന്നാച്ചി) പേരുകളുടെ മൂലരൂപങ്ങളുടെ പൂർവ്വഘടകമായും ഉത്തരഘടകമായും കുഞ്ഞ്, കൊച്ച്, കുട്ടി, ഉണ്ണി മുതലായ ഓമനപദങ്ങൾ ചേർത്തിരുന്നു. (ഉദാ. കുഞ്ഞേപ്പ്, കാക്കുണ്ണി, ചാക്കുണ്ണി, ചേറുണ്ണി, പാവുണ്ണി, ഉണ്ണിട്ടൻ, കൊച്ചുതൊമ്മൻ, കൊച്ചീപ്പൻ.) ബഹുമാനസൂചകമായി ആർ എന്നതും ചേർത്തുവന്നു. (ഉദാ. അച്ചാര്, ഉണിച്ചാര്) അൻ പ്രത്യയം ചേർത്തുള്ളവയും സാധാരണമായിരുന്നു. (ഉദാ. മത്തൻ, പോത്തൻ, അവറാൻ)

വ്യവഹാരപ്രയോഗങ്ങളിൽ പിള്ള, മാപ്പിള പണിക്കർ, തരകൻ മുതലായ പദവിസൂചകമായ പദങ്ങളും ഉൾപ്പെടുത്തിയിരുന്നു. (ഉദാ. ചാണ്ടപ്പിള്ള, മാമ്മൻ മാപ്പിള) പേരും പിതാവിന്റെ പേരും (പേരും ഇരട്ടപ്പേരും) ചേർത്തുള്ള വ്യവഹാരവും കാണാം (ഉദാ. ഇട്ടിത്തൊമ്മൻ, ഇട്ടിയവിര). സമൂഹത്തിൽ വരുമ്പോൾ ഇല്ലപ്പേരു (കുടുംബപ്പേര് / തറവാട്ടു പേര്; ഇല്ലം നമ്പൂതിരിമാർക്കു മാത്രമല്ല) മാത്രം വിളിച്ച് വ്യക്തികളെ ബഹുമാനപൂർവ്വം സംബോധന ചെയ്യുന്ന രീതി മുമ്പൊക്കെ സാധാരണമായിരുന്നു. പില്ക്കാലത്ത് ചിലരത് അവഹേളനമായി കരുതി. ഇന്നും ചില സാഹചര്യങ്ങളിൽ മറ്റു മതസ്ഥരും ഇപ്രകാരം വിളിക്കുന്നുണ്ട്.

കേരളനസ്രാണികൾ പഴയനിയമത്തിലെ പല വിശുദ്ധരുടെയും പേരുകൾ ഉപയോഗിക്കുന്നു; കൂടാതെ നാട്ടിലെ അനേകം പേരുകളും വിളിക്കുന്നുവെന്ന് ഉദയംപേരൂർസുന്നഹദോസിന്റെ കാനോനാകൾ വെളിപ്പെടുത്തുന്നുണ്ട്. പുതിയനിയമത്തിലെ വളരെ കുറച്ചു പേരുകളേ ഉപയോഗിക്കുന്നുള്ളുവെന്നാണ് അതിൽ പറയുന്നത്. പുതിയനിയമത്തിലെ (കൃപയുടെ നിയമം എന്നാണ് കാനോനിലെ പദപ്രയോഗത്തിന്റെ നേർതർജ്ജമ) വിശുദ്ധശ്ലീഹരുടെയും കൊണ്ടാടപ്പെട്ട വിശുദ്ധരുടെയും പേരുകളേ ഇനി മേലിൽ മാമോദീസായിൽ വിളിക്കാവൂ എന്ന് സുന്നഹദോസ് നിഷ്കർഷിച്ചു. ഈശോ എന്ന പേര് ഇവിടെ പതിവുള്ളത് മേലിൽ ഉപയോഗിക്കരുതെന്നും, നാട്ടിൽ സാധാരണമായ മറ്റു പേരുകൾ, ക്രിസ്ത്യാനിൾക്കിടയിൽ മാത്രമുള്ളവയേ പാടുള്ളുവെന്നും സുന്നഹദോസ് നിശ്ചയിച്ചതായി കാണാം. മാമോദീസായിൽ വിളിക്കുന്നതല്ലാതെ മറ്റൊരു വിളിപ്പേരും, പതിവുള്ള രീതിയിൽ, മേലിൽ അരുതെന്നും സുന്നഹദോസ് കല്പിച്ചു. (കാണുക: ഉദയംപേരൂർ കാനോനാകൾ, സെക്ഷൻ 4/16, 17; 8/21.) പേരിന്റെ കാര്യത്തിൽ സുന്നഹദോസിന്റെ നിശ്ചയങ്ങൾ അങ്ങനെതന്നെ നസ്രാണികൾ നടപ്പാക്കിയില്ല. ഈശോ എന്ന പേരും, മറ്റു വിളിപ്പേരുകളും, അക്രൈസ്തവരുടെ ഇടയിൽ ഉള്ളവയും, എല്ലാം പഴയതു പോലെ തന്നെ ഉപയോഗിച്ചുപോന്നു. റോമൻകത്തോലിക്കാസഭയിലെ പുണ്യവാന്മാരുടെയും മറ്റും പേരുകൾ ലത്തീൻ പോർട്ടുഗീസ് ശൈലികളിൽ പോർട്ടുഗീസ് സഭാധികാരികളുടെ കാലഘട്ടത്തിലാണ് നസ്രാണികളുടെ ഇടയിൽ നടപ്പിലായത്. മാമോദീസാ നൽകുന്ന ദിവസം ഓർമ്മിക്കുന്ന പുണ്യവാന്റെ പേര് കുഞ്ഞുങ്ങൾക്കിടുന്ന രീതിയും അക്കാലത്തുണ്ടായി. അക്കൂട്ടത്തിൽ ഗ്രീക്കുഭാഷയിലുള്ള പേരുകളുടെ ആദാനവുമുണ്ടായി. അവയ്ക്ക് ലത്തീൻ പോർത്തുഗീസ് രൂപങ്ങളുടെ സ്വാധീനവും ഉണ്ടായിരുന്നെന്ന് തോന്നുന്നു.

ബൈബിളിന്റെ മലയാളപരിഭാഷയിലെ (സത്യവേദപുസ്തകം) നാമങ്ങൾക്ക് എബ്രായഭാഷയിലെയും അറമായ ഭാഷയിലെയും മൂലരൂപങ്ങളുമായി യൂറോപ്യൻഭാഷകളിലെ നാമഭേദങ്ങളെക്കാൾ അടുപ്പമുള്ളതായി പണ്ഡിതർ നിരീക്ഷിച്ചിട്ടുണ്ട്. (എൻ.കെ. രജഗോപാൽ, ബൈബിളിലെ ഹീബ്രു അരമെയ്ക്ക് പദങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 2004. പുറം.74) ആദിമകാലത്ത് നമ്മുടെ നാട്ടിൽ ഉപയോഗിച്ചുവന്ന പേരുകളും അവയുടെ മൂലരൂപവുമായി നല്ല ചേർച്ചയുണ്ട്. എബ്രായപേരുകളുടെ പേർഷ്യൻ ഉച്ചാരണസവിശേഷതയുള്ള കൽദായസുറിയാനി രൂപത്തിൽ നിന്നാണ് പേരുകളധികവും ഭാഷാനുരൂപണത്തിലൂടെ ഇവിടെ നടപ്പിലായത്. അതും തികച്ചും പ്രാദേശികമായ പരിവർത്തിതരൂപത്തിൽ. ഇവിടത്തെ ക്രൈസ്തവരുടെ ആദ്യകാലത്തെ പേർഷ്യൻസഭാബന്ധമാണ് ഇതിന്റെ കാരണം.

ഇയ്യോബ് > യോബ് > ജോബ്, യെശയ്യാവ് > ഏശായാ, യെഹസ്കേൽ > യെഹസ്കിയേൽ > എസക്കിയേൽ, സെഖര്യാവ് > സ്കറിയാ, യോന > യൗനാൻ തുടങ്ങിയ വേദപുസ്തകങ്ങളുടെ പേരിന്റെ വ്യത്യസ്തതകളിൽ നിന്ന് നാമങ്ങൾക്ക് അതതു കാലത്ത് പ്രയോഗത്തിലും സമ്പർക്കത്തിലുമിരുന്ന ഭാഷകളുടെ സ്വാധീനത്താൽ എപ്രകാരം രൂപഭേദങ്ങൾ സംഭവിക്കുന്നുവെന്ന് മനസ്സിലാക്കാം. (അടിക്കുറിപ്പു കാണുക)

ഏബ്രായ അരമായ സുറിയാനി പദങ്ങളിൽനിന്ന് ലിപ്യന്തരണവും മലയാളീകരണവും നടത്തി ഉപയോഗിച്ചുവന്ന പേരുകൾക്ക് പില്ക്കാലത്ത് ഗ്രീക്ക്, ലത്തീൻ, രൂപങ്ങൾ പരിചിതമായപ്പോൾ തദനുസരണം ചില മാറ്റങ്ങൾ വന്നുചേർന്നു. ഇങ്ഗ്ലീഷിന്റെ വരവ് അതിന് നല്ല പ്രചാരം നല്കി. (ഉദാ. മറിയം > മേരി, യൌസേഫ് > ജോസഫ്, പൌലോ > പോൾ, പീലി > ഫിലിപ്പ്, അബ്രാഹം > ഏബ്രഹാം, ശമുവേൽ > സാമുവൽ, ഇത്താക്ക് > ഐസക്ക്, റാഹേൽ > റേച്ചൽ) പഴയ പേരുകളുടെ സ്ഥാനത്ത് അധികവും പാശ്ചാത്യരൂപങ്ങളാണ് ഇന്ന് ഉപയോഗിക്കപ്പെടുന്നത്. മർത്ത മറിയാമിന്റെ നാമത്തിലുണ്ടായിരുന്ന പള്ളികൾ സെയിന്റ് മേരീസ് ആയി. ഗീവർഗീസ് സഹദാ, സെയ്ന്റ് ജോർജ്ജ് ആയി. പുതിയവയോടുള്ള മനുഷ്യന്റെ ആസക്തിയാണല്ലോ ഇതു വെളിപ്പെടുത്തുന്നത്. പേരുകളുടെ പഴയ രൂപമായിരുന്നു മൂലത്തോടടുത്തതെന്നത് മറന്നാണ് നാം പുതുമയിലേക്കു പോയത്. (എന്നാൽ ജീവിച്ചിരുന്ന കാലത്ത് വ്യക്തികൾ ഉപയോഗിച്ചുപോന്ന പേരുകൾ ഉപേക്ഷിച്ച് ഇന്ന് അവരെ യൂറോപ്യൻരൂപത്തിൽ പരാമർശിക്കുന്നത് ഖേദകരമാണ്. മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ യൌസേപ്പ് ദിവന്നാസ്യോസിനെ ഇന്ന് പാരമ്പര്യാഭിമാനികൾ ജോസഫ് ദിവന്നാസ്യോസ് എന്ന് വ്യഹരിക്കുന്നു! ഇങ്ഗ്ലീഷ് രൂപം കൂടാതെതന്നെ പേരുകളെ ഇങ്ഗ്ലീഷിൽ ലിപ്യന്തരണം ചെയ്യാമെങ്കിലും.)

പഴയ പേരുകളുടെ മൂലരൂപങ്ങൾ, അവയുടെ അർത്ഥം, പ്രയോഗരൂപങ്ങൾ എന്നിവയാണ് താഴെ കൊടുക്കുന്നത്. പില്ക്കാലത്ത് വന്ന രൂപമാറ്റങ്ങളും ചേർത്തിരിക്കുന്നു.

അബ്രഹാം: (= പിതൃസ്നേഹം, ഉത്തമപൈതൃകമുള്ള, ഉത്കൃഷ്ടപിതാവ്; ജാതികളുടെ പിതാവ്. ഉത്പ. 17:5) അബ്രാഹാം അവറാഹം, അവുറാഹം, ഔറാഹം, ഔര, അവറാൻ, അവറാച്ചൻ, അവര, അവരാച്ചൻ, അവിര, അവിരാച്ചൻ, കുഞ്ഞവിര (കുഞ്ഞ്+അവിര), ഏബ്രഹാം. (ബ്ര എന്ന അക്ഷരത്തെ വറ > വര > വിര > വുറ > ഔറ എന്ന് മാറ്റിയതു കാണുക.)

അന്ത്രെയാസ്: (അന്ത്രയോസ്: ഗ്രീക്ക് = ആണത്തമുള്ള) അന്തപ്പൻ, അന്തപ്പായി, അന്ത്രപ്പേർ, അന്ത്രു. ആൻഡ്രൂസ്

അല്ഫായി: (= changing. യാക്കോബ് ലേവി എന്നിവരുടെ പിതാവ്) പായി, ഉപ്പായി.

അലെക്സന്തർ: (അലക്സാണ്ടർ = മനുഷ്യരെ രക്ഷിക്കുന്നവൻ. ഗ്രീക്ക്) അലക്സന്ത്രയോസ്, ചാണ്ട, ചാണ്ടപ്പിള്ള, ചാണ്ടി, കൊച്ചാണ്ടി (കൊച്ചു+ചാണ്ടി), കുഞ്ഞാണ്ടി (കുഞ്ഞ്+ചാണ്ടി), ഇടിച്ചാണ്ടി (ഇട്ടി+ചാണ്ടി?), ഇടിക്കുള, കാണ്ട, മാക്കാണ്ട, അലക്സ്. ചിറി > കിറി, തേരട്ട > ചേരട്ട, ഇത്തിരി > ഇച്ചിരി എന്നീ രീതിയിൽ ക, ച, ത പരസ്പരം മാറുന്നതു കാണുക. താണ്ടയുടെ രപഭേദമാകാം കാണ്ട. താണ്ട, താണ്ടമ്മ, താത്ത എന്നിവ സ്തീനാമങ്ങളാക്കിയതാകാം. (മയഖ / മാഖാ എന്നൊരു പേര് (നാഹോറിന്റെ പുത്രൻ) പുരുഷന്മാർക്കും, സ്ത്രീകൾക്കും (അബ്ശാലോമിന്റെ അമ്മ) കാണുന്നുണ്ട്.

ഇമ്മാനുവേൽ: (= ദൈവം നമ്മോടുകൂടെ) മാനുവൽ, മാണി. മാണി എന്ന പേര് മർക്കോസിൽ നിന്നാണ് ഉരുത്തിരിയുന്നതെന്നുള്ള അഭിപ്രായം ഭാഷാപരമായി നോക്കുമ്പോൾ ശരിയാകാനിടയില്ല.

ഇയ്യോബ്: (യോവാബ് > യോബ് > ഇയ്യോബ് = പീഡിതൻ, പിതാവ് എവിടെ?) ഇയ്യോവ്, യോവ്, യോബ്, ഇക്കോച്ചൻ, ഇയ്യപ്പൻ, ഈയ്യപ്പൻ, ഇയ്യു, ഇയ്യുണ്ണി, ജോബ്, അയ്പ് (ഐപ്പ്), അയിപ്പൂര്, (ഐപ്പുരു, ഐപ്പൂര്).

ഈഥാമാർ: (= ഈത്തപ്പനത്തുരുത്ത്. അഹറോന്റെ ഇളയ പുത്രൻ) ഇത്ത, ഇത്തി, കൊച്ചീത്ത (കൊച്ച്+ഇത്ത), ചിലപ്പോൾ ഇത്താക്കിന്റെ സ്ത്രീലിംഗരൂപങ്ങളാകാം. ഇത്ത സാറയിൽനിന്നാണെന്നുള്ളത് ഭാഷാപരമായ പരിണാമരീതിയനുസരിച്ചു സാധൂകരിക്കുക പ്രയാസമാണ്. ഇട്ട്യേനം, ഇട്ടി+അന്നം ആയിരിക്കാം. ഇത്ഥായി, (ഇത്തയി, ഈഥായി) ഇട്ടോ എന്നീ പുരുഷനാമങ്ങളുണ്ടെങ്കിലും ഇത്ത അവയിൽ നിന്നായിരിക്കില്ല.

ഉണ്ണി, ഉണ്ണിട്ടൻ: ഉണ്ണിക്ക (അബ്രഹാമിൽ നിന്നാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ഉണ്ണി ഒരു വിളിപ്പേരാകാം; ഓമനപ്പേരും.)

എലിയേസെർ: (എലിയേസർ = ദൈവം സഹായം; ദൈവം രക്ഷിച്ചു. പുറ. 18:4; എല്യേസർ) > ലാസർ.

എ്ലീഷെബ: (= ദൈവസമ്പൂർണ്ണത / സന്തുഷ്ടി. എലീശെബാ, എലീശബെത്ത് - ഗ്രീക്ക്) ഏലിശുബാ, ഏലീശ്വാ, ഏലി, ഏലിയാമ്മ, ഏലമ്മ, ഇലിശ, ഇളച്ചി, ഇളച്ചാര്, എലിസബെത്ത് (ഏലി യൂറോപ്യൻ ഭാഷകളിലുമുണ്ട്) എലീശ (= ദൈവം രക്ഷിക്കുന്നു), ഏലീ (ഏലി = എന്റെ ദൈവമേ) എന്നിവയും ഇതോടു ചേർന്ന് പരിഗണിക്കാം.

എൽഹാനാൻ (= ദൈവം കരുണ ചെയ്തു) ഏൽഹാനൻ: (ഏൽഹന്നാൻ = ദൈവത്തിന്റെ സമ്മാനം) ഉലഹന്നാൻ, ഓനാൻ, ഓനായി, ഓനച്ചൻ, (ഓനാൻ യഹൂദയുടെ രണ്ടാമത്തെ മകൻ) ഇതിനോടു ചേർത്ത് യോഹാനാൻ എന്നതു പരിഗണിക്കണം. (യോഹാനാൻ > യൂഹാനോൻ = യഹോവ അനുഗ്രഹമാകുന്നു, യഹോവ നല്കിയവൻ) യോഹന്നാൻ, യോഹാൻ, ഓനൻ, ഓനാൻ, ഓനായി, ലോന, ലോനൻ, ലോനപ്പൻ, ജോൺ, ജോണി, ഐവാൻ.

എസ്തേർ: (= നക്ഷത്രം) എത്താമ്പള. സാറായിൽ നിന്ന് വരുന്നതായി പറയുന്നെങ്കിലും സാദ്ധ്യത വിരളമാണ്.

ഏലീയാഹൂ: (ഏലിയാ = യാഹ് എന്റെ ദൈവം. ഏലിയാവ്, ഈലിയ, ഏലിയ്യാ) ഏലിയാസ്.

ഔഗേൻ: കൊച്ചൗഗേൻ, കൊച്ചോക്കൻ, കൊച്ചക്കൻ.

കുറിയാക്കോസ് (ഗ്രീക്ക് = കർത്താവ്, സ്രഷ്ടാവ്, കർത്താവിനെ സംബന്ധിക്കുന്ന) കുര്യാക്കോസ്, കുര്യാക്കോ, കുര്യൻ, കുര്യാക്കു, കുര്യാത്, കുരിയേശു, കിരിയാൻ, കുറു, കൊച്ചുറു (കൊച്ചു+കുറു), ഉക്രു, കുര്യാള, കുരുവിള, കുരിയപ്പൻ, കിരിയൻ, കോര, കോരത്, കോരുത്, കോരുള, കിയ്യാപിള്ള. ക, ച, ത പരസ്പരം മാറുന്ന പോലെ തര്യൻ, തര്യത്, തരിയത്, താരു എന്നിവ കുര്യൻ എന്നതിന്റെ രൂപമാറ്റമാണോ? തേരട്ട > ചേരട്ട, ഇത്തിരി > ഇച്ചിരി, ചിറി > കിറി കാണുക. കോരഹ് എന്നതിൽ നിന്ന് കോര ഉണ്ടായിക്കൂടെന്നില്ല.

ഗീവറുഗീസ്: (ഗ്രീക്ക് = കൃഷിക്കാരൻ) ഗേവർഗി, വറിയത്, വറീത്, വറുത്, കീവറുത്, വറുതപ്പൻ, വറുതുണ്ണി (വറുത്+ഉണ്ണി), വാറു, വാറുണ്ണി, വാറപ്പൻ, വർക്കി, വറുഗീസ്, വക്കൻ, ജോർജ്. കോരുത്, കോര എന്നിവയെ ഗീവറുഗീസിനോടു ബന്ധിപ്പിക്കുന്നവരുണ്ട്. (ഡോ. സാമുവൽ ചന്ദനപ്പിള്ളി, ക്രൈസ്തവസംസ്കാരം, ഒ.സി. ബുക്ക് ഹൗസ്, കോട്ടയം. 1979. പുറം 37). ഇവ കുറിയാക്കോസുമായല്ലേ കുറേക്കൂടി ഇണങ്ങുക?

ഗബ്രിയേൽ (= ദൈവപുരുഷൻ) ഗവ്രിയേൽ, ഗവറിയേൽ.

തോമ: (ദിദിമോസ് = ഇരട്ട പിറന്ന) തൊമ്മൻ, തൊമ്മി, തോമ്മ, തോമസ്, ടോം. ഉമ്മൻ, മാമ്മൻ എന്നിവ തോമയിൽ നിന്നാണെന്ന് ചിലർ പറയുന്നതിന് ഭാഷാപരമായ ന്യായം ഇനിയും കണ്ടെത്തേണ്ടിയിരിക്കുന്നു.

ദാനിയേൽ: (ന്താന്ഏൽ < നത്താനിയേൽ = ദേവദാനം) ഇതിൽ നിന്ന് സ്ത്രീനാമമായി രൂപപ്പെടുത്തിയതല്ലേ നൈത്തി എന്ന് തോന്നാം.

ദാവീദ്: (= പ്രിയൻ) ഡേവിഡ്.

ദീനാ: (സുറി. = ന്യായവിധി) ദീനാമ്മ.

നാഓമീ(യ്): (= സന്തുഷ്ട) നയോമി, നവോമി.

പത്രോസ്: (ഗ്രീക്ക് = പാറ, കല്ല്; കീപ്പ: സുറിയാനി) പത്രോ, പാത്തു, പാത്തപ്പൻ, പൊരോത്ത, പൊറോത്ത്, പൊറത്ത, പുരവത്ത്, പോത്ത, പോത്തൻ, പീറ്റർ (Poratha = Fruitfull).

പീലിപ്പോസ്: (= കുതിരയെ സ്നേഹിക്കുന്നവൻ, Warlike) പീലി, ഫിലിപ്പ്. പോത്ത, പോത്തൻ ഇവയെ പീലിപ്പോസുമായി പലരും ബന്ധിപ്പിക്കുന്നുണ്ട്. അതിനെന്താണ് സാദ്ധ്യത? പത്രോസുമായിട്ട് കുറച്ചുകൂടി അടുപ്പമുണ്ടാകാം. പാപ്പ, പാപ്പച്ചൻ, പാപ്പി, പാപ്പു, പാപ്പൂട്ടി ഇവ പീലിപ്പോസുമായി ബന്ധപ്പെട്ടതാകാം. ചിലർ പറയുന്നതു പോലെ ഇവയെ യൗസേപ്പുമായി ബന്ധിപ്പിക്കാൻ വഴി കാണുന്നില്ല.

പൗലോസ്: (ഗ്രീക്ക് = ബാലൻ, ഹ്രസ്വൻ) പൗൽ, പൗലോ, പാലു, പാവു, പൈലി. (കാണുക: Pai, Pau = hauling, signing, pleasing) Palu > Pal-yoo = distinguished: രൂബേന്റെ പുത്രൻ.)

ബന്യാമിൻ: (= വലതുവശത്തിന്റെ പുത്രൻ) ബന്യാൻ, ബനിയാൻ.

മത്തായി: (മത്ത്യാഹ്, മത്തന് യാഹു - ഹീബ്രു = യഹോവയുടെ സമ്മതം, ദാനം. മത്തായ്ഓസ് - ഗ്രീക്ക്, മത്തായ് - അരാമ്യ, ) മത്ത, മത്തൻ, മാത്തൻ, മാത്തു, മാത്തുള, മാത്തുള്ള, മാത്തുണ്ണി, മാത്താൻ, മത്താത്തിയാസ് മാത്യു, മാത്യൂസ്.

മർക്കോസ്: (= കൊട്ടുവടി) മർക്കു, മർക്കോ. മാണി, മർക്കോസിൽ നിന്നാണെന്ന് പറയാറുണ്ട്. ഇമ്മാനുവേലിൽ നിന്നായിരിക്കാനാണ് കൂടുതൽ സാദ്ധ്യത.

മാർത്ത: (അരാമ്യ= പ്രഭ്വി, യജമാനത്തി) മാത്തിരി.

മിഖായേൽ: (= ദൈത്തെപ്പോലെ ആരുണ്ട്) മികായേൽ, മൈക്കിൾ.

മിർയാം: ( മിറിയം, മറയാഹ് = യഹോവയിലേക്ക് ഉയർന്നവൾ, മറീയ - ഗ്രീക്ക്; പദോല്പത്തി തർക്കത്തിലാണ്. > മറിയം > മറിയാം.) മറിയ, മേരി (മറിയം എന്ന പേര് കഴിഞ്ഞ തലമുറയിൽ ഇവിടെ പുരുഷന്മാർക്കും ഉണ്ടായിരുന്നു.)

മോശെ: (മൂശ = വെള്ളത്തിൽ നിന്ന് വലിച്ചെടുക്കപ്പെട്ടവൻ. പുറ. 2:10. മിസ്രയിമിലെ ഭാഷയിൽ മകൻ ജനിച്ചു എന്നാണ് അർത്ഥം. ഫറവോമാരുടെ കൂട്ടത്തിൽ ഈ പേരുകാർ ഉണ്ടായിരുന്നു.) മോശ.

യാക്കോബ്: (യ്അകോബ്) (ഉപ്പൂറ്റിയിൽ പിടിച്ചു വന്നവൻ - ഉത്പ. 25:26, യിരെ. 9:3, ഹോശേ. 12:4, ചതിയൻ എന്നല്ലാം വ്യാഖ്യാനിക്കുന്നതല്ല ശരി; മെസൊപ്പൊത്താമ്യ ലിഖിതങ്ങളിലുള്ള യാ ക്കോബ്-ഇലാ (= ദൈവം സംരക്ഷിക്കുന്നു) എന്ന പേര് ലോപിച്ച് യ ഖോബ് ആയതാണ്; ഉഗാറിത്തിലും ഈ പദപ്രയോഗമുണ്ട് എന്ന് പണ്ഡിതർ പറയുന്നു.) യാക്കോ, യാക്കോവ്, ചാക്കോ, ചാക്കു, ചാക്കുണ്ണി, ഇക്കാക്കു, ഇക്കാക്കോ, കാക്കു, കാക്കുഞ്ഞ്, കാക്കുണ്ണി, കൂഞ്ഞാക്കോ (കുഞ്ഞ്+ചാക്കോ) കൊച്ചാക്കോ (കൊച്ച്+ചാക്കോ).

യിസ്ഹാക്: (ഇസഹാക്ക് = അവൻ ചിരിക്കുന്നു) ഇത്താക്ക് (സ്ഹ > ത്ത), ഇത്താപ്പിരി, ഇട്ടൻ (ത്ത > ട്ട), ഇട്ടാത്തു, ഇട്ടി, കുഞ്ഞിട്ടി (കുഞ്ഞ്+ഇട്ടി) കൊച്ചിട്ടി (കൊച്ച്+ഇട്ടി), ഇട്ടീര, ഇട്ടൂപ്പ്, (ഉട്ടൂപ്പ്?) ഇട്ട്യേപ്പ് (ഇട്ടി+ഏപ്പ്), ഇട്ട്യേര (ഇട്ടിയവിര), ഇട്ടിച്ചെറിയ (ഇട്ടി+ചെറിയ), ഇട്ടിത്തൊമ്മൻ (ഇട്ടി+തൊമ്മൻ), ഇട്ടിമാത്തു, ഇട്ടിക്കുരിയത്. ഐസക്. ഇട്ട്യേര, ഇട്ടിയവിര ഇട്ടിച്ചെറിയ, ഇട്ടിത്തൊമ്മൻ, ഇട്ടിമാത്തു, എന്നിവ പേരും ഇരട്ടപ്പേരും ഒന്നിച്ച രൂപമാകാം. പേരും വിളിപ്പേരും അല്ലെങ്കിൽ ഓമനപ്പേരും ചേർന്നതുമാകാം. ഇട്ട, ഇട്ടി, ഇറ്റാമൻ എന്നിങ്ങനെ അക്രൈസ്തവർക്ക് പേരുണ്ട്. ഇട്ടൻ, ഇട്ടി എന്നിവ അബ്രഹാം എന്നതിനോട് ചിലർ ബന്ധിപ്പിക്കുന്നതിന് ഭാഷാപരമായ ന്യായം കണ്ടെത്തുക പ്രയാസമാണ്. (ഇക്ക, ഇത്ത, ഇത്തി ഇവ ഇത്താക്കിന്റെ സ്ത്രീരൂപമാ

കാം. വിത്ത, വിത്താണ്ട, വിത്തമ്മ എന്നിവയും രൂപഭേദങ്ങളാകാം. ഇവ സാറായിൽ നിന്നാണെന്നു പറയുന്നതിന് ഭാഷാപരമായ ന്യായായീകരണം വിഷമമാണ്.)

യിശ്ശായി: (യിഷയി) ഇത്തായി (ഇട്ടായി = Strong, My sign, Plowman, Yahwe is with me) എന്നൊരു പേരുള്ളത് ഇതിനോടു ചേർന്ന് പരിഗണിക്കാം.)

യൂലിത്തി: യൂലുത്തി. ജൂലിയറ്റ്.

യോയാക്കിം: (യോയാഖീം = യാഹ്‌വെ സ്ഥാപിക്കുന്നു, ഉയർത്തന്നു) യോയാക്കി, യൂവാക്കി.

യോനാ: (യോനാഹ് = പ്രാവ്; യൗനാൻ) ഈനാശു, ഈനോസ്, ഈനാസ്. ഇവയെ യോശുവായുമായോ, ഹാനോക്കുമായോ ബന്ധിപ്പിക്കുക എളുപ്പമല്ല.

യോശുവ: (യെഹോശുവാ, യെഹോശൂവാ = യഹോവ രക്ഷയാകുന്നു) യാഹ്ശുവാ > യോശുആ > യേശുഅ. യേശൂസ് > യേശു (ഗ്രീക്ക് ഭാഷാസ്വാധീനത്തിൽ) > ഈശോ. (കൽദായസുറിയാനിയിൽ യേ > ഈ എന്നും നാമങ്ങളിലെ അന്ത്യ ഉ കാരം ഒ കാരവുമായി മാറുന്നു) ഈനാശു, കോശി, കോഷി, കൊച്ചുകോശി, കുഞ്ഞോയി, ജോഷ്വാ, ജോഷി. (താരതമ്യം: ഹോശേയാ = രക്ഷ, വിടുതൽ)

യോസേഫ്: (യ്ഹോസെഫ് = യഹോവ കൂട്ടിച്ചേർക്കുന്നു; വർദ്ധിപ്പിക്കുന്നു) യൌസേപ്പ്, ഔസേപ്പ് (അവുസേപ്പ്) ഔത (അവുത /അവത) ഔതേപ്പ്, ഉതുപ്പ്, ജോസഫ്, ജോസ്. ഉതുപ്പിന്റെ രൂപഭേദമാകാം ഉട്ടൂപ്പ്. ജോസഫിൽ നിന്നാണ് ഇട്ടൂപ്പ് എന്ന് ഡോ. സാമുവൽ ചന്ദനപ്പിള്ളി സൂചിപ്പിച്ചിട്ടുണ്ട്. (ക്രൈസ്തവസംസ്കാരം, ഒ.സി. ബുക്ക് ഹൗസ്, കോട്ടയം, 1979.) എന്നാൽ അത് ഇത്താക്കിൽ നിന്നാകാനും സാദ്ധ്യതയുണ്ട്.

രെഫായേൽ: (= ദൈവം സൗഖ്യദായകനാകുന്നു. 1 ദിന. 26:7)) റാഫേൽ. റപ്പേൽ, റപ്പായി, ഏറപ്പായി.

രോദാ: (= റോസാപ്പൂ, Rose) റോത, ഒറോത, തോത, റോസ, റോസി.

ശലോമി: (ശ്ലോമിയ്-ശാലേം സിയോൻ > ശാലോംസു = എന്റെ സമാധാനം) സാലോമി - ഗ്രീക്ക്; ശെലോമി എന്ന് തെറ്റായി പറയുന്നതാണത്രേ.

ശ്മൂഏൽ: (ശെമുഏൽ = ദൈവത്തെ കേട്ടവൻ. അപേക്ഷിച്ചു വാങ്ങി - 1 ശമു. 1:20) > ശ്മൂയേൽ > ശമുവേൽ, ശമുയേൽ, സാമുവൽ. സാം.

ശിമെഓൻ: (ശിമെയോൻ = ദൈവം കേട്ടു. ഉത്പ. 29:33) ശെമവൂൻ. ശീമോൻ / ശിമോൻ - ഗ്രീക്ക്) ശീമാൻ, ശിമ്മാർ, ശിമാൻ, ചീമോൻ, ചുമ്മാർ, ചിമ്മാർ, ശൌരി, സൈമൺ.

ശൂശാന (ഷൂഷൻ, ഷോഷൻ = ലില്ലിപ്പൂ. ഷൂഷന - സുറിയാനി) ശോശന്ന, ശൂശാൻ, ശോശ, ശോശാമ്മ, സൂസന്ന, സൂസൻ.

ശിംശോൻ: (ഷെമെഷ് = സൂര്യൻ എന്ന പദത്തോടു ബന്ധമുള്ളത്.) സാംസൻ.

സഖറിയാഹ്: (സഖറിയ = യാഹിന്റെ ഓർമ്മ) സ്കറിയ, കറിയ, ചെറിയ, ചെറിയത്, ചെറിയാൻ, കുഞ്ചെറിയ ചേറു, ചേറുണ്ണി ചേറപ്പായി. ചെറിച്ചി, ചെറിയയുടെ സ്ത്രീനാമമാകാം. (സഖറിയായിൽ നിന്നോ കുറിയാക്കോസ്?)

സാറാഹ്: (= രാജകുമാരി) സാറാ, സാറാമ്മ, സാറായി, താറ.

സെബാസ്റ്റ്യൻ: (ഗ്രീക്ക്) സേവി, സേവ്യർ. (ലത്തീൻ - അഗസ്തൂസ്)

സ്തേഫാനോസ്: (കിരീടം) എസ്തപ്പാൻ, എത്തപ്പാൻ, ഏപ്പ്, കുഞ്ഞേപ്പ്, ഈപ്പൻ, കൊച്ചീപ്പൻ, പുന്നൻ, പുന്നച്ചൻ, പുന്നൂസ്, സ്റ്റീഫൻ.

ഹന്ന: (ഹാനാ = അനുഗൃഹീത, കൃപ) അന്ന, അന്നമ്മ, അന്നാച്ചി, അന്നം, ഇട്ട്യേന്നം (ഇട്ടി+അന്നം), കുഞ്ഞന്ന, കുഞ്ഞെനാ, കുഞ്ഞാണി, കുഞ്ഞാനി, ആനി (gratious, one who gives, favour/grace). അന്നാസ് പുല്ലിംഗരൂപം)

ഹോർമീസ്: ഉറുമീസ്.

റാഹേൽ: (= പെൺചെമ്മരിയാട്) റേച്ചൽ.

റിബ്കാഹ്: (റിബെക്ക, റെബെക്കാ = കുരുക്ക്, തൊഴുത്ത്) റിഫ്ക്ക, റഫ്ക്ക, എറുപ്പുക്ക, റപ്പുക്ക, എത്താമ്പള, അക്ക, അക്കമ്മ, അക്കാമ്മ, അച്ച, അച്ചാമ്മ, അച്ചാർ, അച്ചി, അച്ചിയമ്മ. ചിലർ സൂചിപ്പിക്കുന്നതു പോലെ അച്ചാർ, അച്ചി എന്നിവയെ ശൂശാനുമായി ബന്ധപ്പെടുത്തുവാൻ പഴുത് കുറവാണ്. ചിറി > കിറി എന്നതു പോലെ അക്ക > അച്ചയാകാം. അക്ക എന്ന വാക്കിന് മൂത്ത സഹോദരി എന്ന അർത്ഥമുണ്ട്.

റൂത്: (= സൗന്ദര്യം, കൂട്ടുകാരി) റൂത്ത്, റീത്ത.

പൊടിയൻ, കുട്ടി, കുഞ്ഞ്, കുഞ്ഞച്ചൻ, ഉണിച്ചാർ, ഉണിച്ചി, അമ്മിണി, ചാച്ചി, ചിന്ന, പെണ്ണമ്മ മുതലായവ ഓമനപ്പേരുകളാകാം.

ത്രേസ്യ, ദേവസ്യ, ഫ്രാൻസിസ് (പ്രാഞ്ചി, പൊറിഞ്ചു), ആഗസ്തീനോസ് (= ദൈവത്തിന്റെ) > ആഗസ്തി, ശൗര്യാർ, അല്ലേശ് എന്നിവ പോർത്തുഗീസ് കാലത്തിനു ശേഷം വന്നു ചേർന്ന പേരുകളാണ്.

ഔഗേൻ, ബഹനാൻ, ബേസിൽ, യെൽദോ ഏലിയാസ് തുടങ്ങിയ പേരുകൾ ആദിമനസ്രാണികളുടെ ഇടയിൽ ഉണ്ടായിരുന്നതായി കാണുന്നില്ല.

## അടിക്കുറിപ്പ്

പേരുകളുടെ കടമെടുപ്പിൽ പ്രാദേശികഭാഷയുടെ പ്രകൃതത്തിലേക്ക് പരിവർത്തനം വന്നിട്ടുള്ളതായി നേരത്തേ പറഞ്ഞു. ഉച്ചാരണസൗകര്യത്തിന് മറ്റു ഭാഷകളിൽ നിന്ന് കടംകൊണ്ട പദങ്ങളെ രൂപഭേദപ്പെടുത്തിയിരുന്നു. താഴെ ചേർത്തിരിക്കുന്ന പദങ്ങൾ നോക്കിയാൽ ആദാനപദങ്ങളുടെ മാറ്റത്തിന്റെ ഗതി മനസ്സിലാകും. സ്വരാക്ഷരങ്ങൾ മാറിമാറി ഉപയോഗപ്പെടുത്തിയ രീതിയും, ഖരാക്ഷരങ്ങളെ ഉപേക്ഷിച്ച് ഉച്ചരിക്കുന്നതും കാണാം. വാമൊഴിയും വരമൊഴിയും തമ്മിൽ സ്വരാന്തരങ്ങൾ സാധാരണമാണ്. ചില മാതൃകകൾ കാണുക.

1. അണച്ച് > അണെച്ച്, ഇനം > എനം, ഇടം > എടം, ഇട > എട, ഇല > എല, നിലം > നെലം, പിഴ > പെഴ. (അ ഇ എന്നീ സ്വരങ്ങൾ എ ആയി മാറും.)
2. അവധി > അവുധി. (അ ഉ ആയി മാറും.)
3. വാതിൽ > വാതൽ (ഇ അ ആയി മാറും.)
4. പിരാൻ > പുരാൻ. (തമ്പിരാൻ > തമ്പുരാൻ > തമ്പ്രാൻ) (ഇ ഉ ആകും.)
5. ഉണ്ട് > ഒണ്ട്, പുക > പൊക, മുന > മൊന (ഉ ഒ ആയി മാറും.)
6. ഉറുമ്പ് > എറുമ്പ്. (ഉ എ ആകും.)
7. പോവാൻ > പോകാൻ. (ക വ എന്നായി മാറും.)
8. ചിറി > കിറി. (ച ക ആകും.)
9. ജ്യേഷ്ഠൻ > ചേട്ടൻ. (ജ ച ആകും.)
10. വാണിജ്യം > വാണിയം. (ജ യ ആകും.)
11. തേരട്ട > ചേരട്ട, ഇത്തിരി > ഇച്ചിരി. (ത ച ആകും.)
12. നൃത്തം > നട്ടം. (ത ട ആകും.)
13. മാസം > മാതം, സൊല്ല > തൊല്ല, സൈ്വരം > തൊയിരം, സഞ്ചി > തഞ്ചി, തടസ്സം > തടത്തം. (സ ത ആകും.)
14. തപം > തവം, നടപടി > നടവടി. (പ വ ആകും.)
15. ന്യായം > ഞായം, നവര > ഞവര, നൊടി > ഞൊടി, നൊണ്ടി > ഞൊണ്ടി. (ന ഞ ആകും.)
16. നാരായം > നാരാചം, യുദ്ധം > ചുത്തം. (യ ച ആകും.)
17. ശ്രേണി > ഏണി. ശുഷ്കം > സുക്ക് > ചുക്ക്, ഇഷ്ടം > ഇട്ടം. (ശ ഷ ശ എന്നിവ ലോപിക്കും.)
18. സൂചി > തൂശി, ശുണ്ഠി > ചുണ്ടി, ശേഷി > ചേഴി, ശാല > ചാല, ആചാരി > ആശാരി ശ്രംഖല > ചങ്ങല, ശൈത്താൻ (അറബി പദം) > ചെകുത്താൻ, സകാത് (അറബി പദം) > ചക്കാത്ത്, ശ്രീദേവി > ചിരുതേവി. ദ ത ആയതു കാണുക. (സ ത ആകും. ശ ച ആകും.)
19. ദണ്ഡം > ദണ്ണം. (ണ്ഡ ണ്ണ ആകും.)
20. ഹിതം > ഇതം. (ഹ ലോപിക്കും.)
21. ഇപ്പോഴ് > ഇപ്പോൾ. (ഴ ള ആകും.)
22. ഉമ്മറം > ഉമ്മരം. (റ ര ആകും.)
23. ബുദ്ധി > പുത്തി (ബ പ ആകും. ദ്ധ ത്ത ആയതു കാണുക)
24. പുത്തരി > പുറ്ററി. (ത്ത റ്റ ആകും.)
25. കൽ+കുളം > കർക്കുളം, കല്+പൂരം > കർപ്പൂരം (ല് റ് ആകും.)
26. ഒച്ച് > അച്ച് (ഒ അ ആകും.) സങ്കീ. 58:8 കാണുക.
27. അയ്പ്പ് > ഐപ്പ്, കയ് > കൈ. (അയ് ഐ ആകും.)
28. യിസ്ഹാക്ക് > ഇസഹാക്ക്, യിസ്രായേൽ > ഇസ്രായേൽ. (യ അ ആകും. യി ഇ ആകും.)
29. രാത്രി > ചാത്രി, രാക്കുളി > ചാക്കുളി. (ര ച ആകും.)
30. യോഹന്നാൻ > ഓനാൻ. യോന > ഓനായി. (യൊ ഒ ആകും യോ ഓ ആകും.)

രവി > ഇരവി, രൂപം > ഉരുവം (കൂട്ടിച്ചേർപ്പ്), അറാത്തൽ (പോർത്തുഗീസ് പദം) > റാത്തൽ, തുകരാർ (അറബി പദം) > കരാർ (ഒഴിവാക്കൽ), ഖീസാ (പേർഷ്യൻ പദം) > കീശ, ഖുശ്ഹാൽ (പേർഷ്യൻ പദം) > കുശാൽ, ബാജി (പേർഷ്യൻ പദം) > വാശി, തർക്കാരീ (പേർഷ്യൻ പദം) > തക്കാളി, സരാസർ (പേർഷ്യൻ പദം) > ശരാശരി ഇവയിൽ വേറെ ചില ആദാനമാതൃകകൾ കണ്ടെത്താം. കത്തനാർ, കപ്യാർ, കുറുവാന, സിലുവ, റമ്പാൻ തുടങ്ങിയ പദങ്ങളും രൂപഭേദങ്ങൾക്ക് മാതൃകകളാണ്. മലയാളത്തിൽ ആദ്യകാലത്ത് ശ, സ, ഷ തുടങ്ങിയ അക്ഷരങ്ങളുടെ ഉപയോഗം സാധാരണമല്ലായിരുന്നു. മേൽപറഞ്ഞ രൂപഭേദങ്ങളെല്ലാം പേരുകളുടെ കാര്യത്തിൽ സംഭവിച്ചിട്ടുണ്ട്.

എറണാകുളം റീജ്യണൽ പുരാരേഖാകേന്ദ്രത്തിൽ മാർഗ്ഗക്കാർ എന്നു വിളിക്കപ്പെടുന്ന ക്നാനായക്രിസ്ത്യാനികളുടെ (ഇവർ 1490-ൽ വന്ന യോഹന്നാൽ ആബൂനായാൽ ക്രിസ്തുമതത്തിലേക്കു ചേർന്ന മാനിതമതക്കാരാണത്രേ.) അനവധി ആവലാതികളുടെ രേഖകളുണ്ട്. ഇവയിൽ പേരിനോടൊപ്പം മാർഗ്ഗക്കാർ എന്നുമുണ്ട്. നസ്രാണികളുമായി ബന്ധപ്പെട്ടവയിൽ വ്യക്തിയുടെ പേരിനോടൊപ്പം നസ്രാണി എന്ന് കാണിച്ചിട്ടുമുണ്ടത്രേ. ഈ രേഖകളിൽ അയിപ്പ്, തൊമ്മൻ, താണ്ട, അന്ന തുടങ്ങിയ പേരുകൾ മൗലികമായി മാർഗ്ഗക്കാരുടേതാണെന്ന് ശ്രീ പി.വി.മാത്യു സാക്ഷ്യപ്പെടുത്തുന്നു. (കേരളത്തിലെ നസ്രാണിക്രിസ്ത്യാനികൾ, എറണാകുളം, 1991. പുറം 419, 420.)

## ആശ്രയിച്ച ഗ്രന്ഥങ്ങൾ

ക്രൈസ്തവ വിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, ആലപ്പുഴ, 1975.

ഡോ. സാമുവൽ ചന്ദനപ്പിള്ളി, ക്രൈസ്തവസംസ്കാരം, ഒ.സി.ബുക്ക് ഹൗസ്, കോട്ടയം. 1979.

ഡോ. വെള്ളായണി അർജുനൻ, ഗവേഷണമേഖല, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1983.

ഡോ. പി.എം.ജോസഫ്, മലയാളത്തിലെ പരകീയപദങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984.

പി.വി.മാത്യു, കേരളത്തിലെ നസ്രാണിക്രിസ്ത്യാനികൾ, എറണാകുളം, 1991.

എൻ.കെ. രജഗോപാൽ, ബൈബിളിലെ ഹീബ്രു അരമെയ്ക്ക് പദങ്ങൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 1992, 2004.

സഭാവിജ്ഞാനകോശം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, കോട്ടയം, 1993.
ഡോ. ഷൊർണ്ണൂർ കാർത്തികേയൻ, മദ്ധ്യകാല കേരളഭാഷ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1996.
ഡോ. ഡി. ബാബു പോൾ, വേദശബ്ദരത്നാകരം ബൈബിൾ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
ബൈബിൾ വിജ്ഞാനകോശം, തിയൊളജിക്കൽ ലിറ്ററേച്ചർ കൗൺസിൽ, സി.എസ്.എസ്. തിരുവല്ല. 2006.
ശുശ്രൂഷാനടപടിച്ചട്ടങ്ങൾ, പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ, ഹോളി എപ്പിസ്കോപ്പൽ സിനഡ്, മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച്, കോട്ടയം. 2009.
വിശ്വവിജ്ഞാനകോശം 8, സാഹിത്യപ്രവർത്തക സഹകരണസംഘം, എൻ. ബി. എസ്.

26-7-2013

ജോർജിയൻ മിററിൽ (ജനുവരി-മാർച്ച് 2014) പ്രസിദ്ധീകരിച്ചത്